"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - വയനാട് ജില്ലയിലെ നടവയൽ വെറ്ററിനറി ഉപകേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക നടവയൽ മൃഗാശുപത്രിയിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മൃഗസംരക്ഷണ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.263/2026/AHD തീയതി,തിരുവനന്തപുരം, 18-05-2026

---

പരാമർശം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 24.02.2026 തീയതിയിലെ AHD/3245/2025-B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിൽ 24.02.2014 ന് പ്രവർത്തനം ആരംഭിച്ച നടവയൽ വെറ്ററിനറി ഡിസ്പെൻസറിയിൽ നിലവിൽ ഒരു വെറ്ററിനറി സർജൻ തസ്തികയും ഒരു അറ്റന്റന്റ് തസ്തികയും മാത്രമാണുള്ളത്. കണിയാമ്പറ്റ, പനമരം, പൂതാടി എന്നീ മൂന്ന് പഞ്ചായത്തുകളിലേയും എട്ട് വാർഡുകൾ സംഗമിക്കുന്ന നടവയൽ എന്ന സ്ഥലത്ത് ഏകദേശം ആയിരത്തി എണ്ണൂറോളം കന്നുകാലികളും ആയിരത്തിലധികം മറ്റ് വളർത്തുമൃഗങ്ങളും ഉണ്ട്. ഒരു മാസം ശരാശരി 750 ഒ.പി കേസുകളും ശരാശരി 59 കൃത്രിമ ബീജദാനവും നടത്തിവരുന്നുണ്ട്. ആശുപത്രിയുടെ കീഴിൽ നടത്തിവരുന്ന എല്ലാ പ്രതിരോധ വാക്സിനേഷൻ പ്രോഗ്രാമുകൾക്കും മറ്റെല്ലാ ദൈനംദിന ഓഫീസ് വർക്കുകൾക്കും നടവയൽ വെറ്ററിനറി ഉപകേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെയാണ് ആശ്രയിക്കുന്നത്. ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണസജ്ജമാക്കുന്നതിന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ സേവനം അത്യന്താപേക്ഷിതമാണ്. നിലവിൽ നടവയൽ വെറ്ററിനറി ഉപകേന്ദ്രത്തിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ നിയന്ത്രണാധികാരം നടവയൽ മൃഗാശുപത്രിയുടെ കീഴിൽ ആയതിനാൽ ഈ തസ്തിക നടവയൽ മൃഗാശുപത്രിയിലേക്ക് പുനർവിന്യസിക്കുകയാണെങ്കിൽ പുതുതായി സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല.

മൃഗാശുപത്രിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് മികച്ച രീതിയിൽ സേവനം ഉറപ്പുവരുത്തുന്നതിനുമായി നടവയൽ വെറ്ററിനറി ഉപകേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക നടവയൽ മൃഗാശുപത്രിയിലേക്ക് പുനർവിന്യസിച്ചുത്തരവാകണമെന്ന് പരാമർശം കത്ത് പ്രകാരം ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പരാമർശ കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർവിന്യസിക്കുന്ന തസ്തിക മേലിലും സൃഷ്ടിക്കാൻ പാടില്ല എന്ന നിബന്ധനയിൽ വയനാട് ജില്ലയിലെ നടവയൽ വെറ്ററിനറി ഉപകേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക നടവയൽ മൃഗാശുപത്രിയിലേക്ക് പുനർവിന്യസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽപ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajayakumar.a
Date: 18-05-2026 17:18:17

സെക്ഷൻ ഓഫീസർ